# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 605 24.01.2018- ൽ മറുപടിക്ക്**

## പരമ്പരാഗത നെയ്ത്തുശാലകൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പരമ്പരാഗത നെയ്ത്തുശാലകൾ അധികവും പൂട്ടിയ അവസ്ഥയിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;സ്കൂൾ യൂണിഫോം കൈത്തറി ആക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്ന നെയ്ത്തുശാലകൾ തുറക്കുന്നതിനുവേണ്ട പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. പൂട്ടികിടക്കുന്ന നെയ്ത്തുശാലകളിലെ മിക്ക തറികളെയും സ്കൂൾ യൂണിഫോം പദ്ധതിയിൽ കൊണ്ട് വരികയും, തറികൾ നന്നാക്കുന്നതിനുള്ള തുകകൾ നൽകുകയും, സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമുള്ള തുണികൾ നെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തിക്കാതെ കിടക്കുന്ന തറികളിൽ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 6000 തറികൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്ക് കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ തറികൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) നെയ്ത്തുശാലകൾ ഒരു മണ്ഡലത്തിൽ ഒന്നെങ്കിലും എന്ന തോതിൽ തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ; | (ബി) നെയ്ത്തുശാലകൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് എല്ലാ സഹായവും സർക്കാർ നൽകുന്നതാണ്. |
| (സി) നിരവധി ചെറു നെയ്ത്തുശാലകൾ ഉണ്ടായിരുന്ന താനൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നെയ്ത്തുശാലകൾ പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) താനൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ നെയ്ത്ത് സഹകരണസംഘങ്ങളിൽ പുതിയ തറികൾ സ്ഥാപിച്ച് യുവവീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ യുവാക്കളെ പരിശീലനം നൽകി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ